(ബി) ഇല്ല.

(സി) കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ സുഗമമായ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ കേരള പട്ടികജാതി പട്ടികവർഗ്ഗ റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ ഗവേണിംഗ് ബോഡി പ്രവർത്തനം വിലയിരുത്തിവരുന്നു. അതോടൊപ്പം റസിഡൻഷ്യൽ എഡ്യൂക്കേഷണൽ സൊസൈറ്റിക്ക് ഒരു മാനേജിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പട്ടികജാതി പട്ടികവർഗ്ഗ പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, ഫിനാൻസ് വകുപ്പിലെ ഉദ്യോഗസ്ഥൻ മുതലായവർ ഉൾപ്പെടുന്നു. ഗവേണിംഗ് ബോഡി എന്നത് ബൃഹത്തായ ഒന്നായതിനാലാണ് ടി മാനേജിംഗ് കമ്മിറ്റി രൂപീകരിച്ചത്. രണ്ട് ഗവേണിംഗ് ബോഡി യോഗത്തിനിടയ്ക്കുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായാണ് മാനേജിംഗ് കമ്മിറ്റി രൂപവൽക്കരിച്ചത്. ജില്ലാതലത്തിൽ കളക്ടർ ചെയർമാനായ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ചേർന്നാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം വിലയിരുത്തുന്നത്. സ്ഥലം എം.എൽ.എ.-യും ക്ഷണിതാവാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് ഈ സമിതികളുടെ ചുമതലയാണ്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ എല്ലാ സാമ്പത്തിക ഇടപാടുകളും പരിശോധിക്കുന്നതും അംഗീകരിക്കുന്നതും ജില്ലാതലത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. അടിയന്തരഘട്ടങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ ഗവേണിംഗ് ബോഡിയുടെ സാധൂകരണത്തിന് വിധേയമാക്കേണ്ടതുമാണ്.

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമനം

137 (1100) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക നിയമന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ബി) അദ്ധ്യാപക നിയമനം ഗുണമേന്മ കണക്കിലെടുത്ത് നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ;

(സി) ഇത് ഫലപ്രദമായാണോ നടപ്പിലാക്കുന്നത് എന്ന് പരിശോധിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ അദ്ധ്യാപക തസ്തിക പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അദ്ധ്യാപക തസ്തികയുടെ അഡീഷൻ ടു കേഡറാണ്. ടി അദ്ധ്യാപക തസ്തികയിലെ ഒഴിവുകളിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറും, ഹയർ സെക്കണ്ടറി വകുപ്പ് ഡയറക്ടറുമാണ് നിയമനം നടത്തുന്നത്. ഇപ്രകാരം നിയമനം നടക്കാതെ വരുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരങ്ങളിൽ, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയോഗിക്കുന്ന രീതിയാണ് അവലംബിച്ചു വരുന്നത്. ജില്ലാകളക്ടർ, ഗവൺമെന്റ് സെക്രട്ടറിയുടെ പ്രതിനിധികൾ, വകുപ്പുതല ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്ന ഇന്റർവ്യൂ ബോർഡാണ് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന അദ്ധ്യാപകരെ തികച്ചും സുതാര്യമായ രീതിയിൽ തെരഞ്ഞെടുക്കുന്നത്.

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ നിയമിതരാകുന്ന അദ്ധ്യാപകർക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ, ബ്ലോക്ക് റിസോഴ്സ് സെന്റർ മുഖേനയുള്ള ക്ലസ്റ്റർ പരിശീലനം, ഐ.എം.ജി., എൻ.സി.ഇ.ആർ.റ്റി. എന്നിവയുടെ സഹകരണത്തോടെയുള്ള പ്രത്യേക പരിശീലനം എന്നിവ വഴി ഗുണമേന്മ ഉറപ്പാക്കുന്നുണ്ട്.

(സി) ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും, ജില്ലാ കളക്ടർ ചെയർമാനായ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും പരിശോധിച്ച് നിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ വിനോദയാത്ര

138 (1101) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും മറ്റ് സ്കൂളുകളിലെ വിദ്യാർത്ഥികളെപ്പോലെ പഠന-വിനോദയാത്ര നടത്തുന്നതിന് അനുവാദം ഉണ്ടോയെന്ന് വ്യക്തമാക്കുമോ :

(ബി) പഠന-വിനോദയാത്രകൾ പ്ലസ് വൺ, ഒമ്പത് ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ടോ :

(സി) എം.ആർ.എസ്.കളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും പഠന-വിനോദയാത്ര നടത്തുന്നതിന് അനുമതി നൽകുമോ ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് അവരുടെ പഠന കാലയളവിൽ രണ്ട് പ്രാവശ്യം പഠന വിനോദയാത്രയ്ക്ക് നിലവിൽ അവസരമുണ്ട്. കൂടാതെ ഈ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 10-ാം ക്ലാസ്, +2 വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ചുവരുന്ന സഹവാസ ക്യാമ്പിനോടനുബന്ധിച്ച് പഠന വിനോദയാത്ര സംഘടിപ്പിച്ചുവരുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ 9, +1 എന്നീ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പരമാവധി 25,000 രൂപ വരെ ചെലവ് വരുന്ന വിനോദയാത്രകൾ എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly